12. ശ്രീ. എം. സി. ചെറിയാൻ

13. ശ്രീ. കോട്ടക്കുഴി സുകുമാരൻ

14. ശ്രീ. ജോർജ് ജെ. മാത്യു

15. ശ്രീ. സി. എം. സുന്ദരം

16. ശ്രീ. കെ. സി. ജോസഫ്

17. ശ്രീ. കെ. കെ. ശ്രീനിവാസൻ.

(ഡി) പരേതരായ തച്ചടി പ്രഭാകരനും മോഹൻദാസിനും പ്രമാണം തിരികെ നൽകുവാനുണ്ട്.

കോട്ടയ്ക്കൽ വനിതാ പോളിടെക്നിക്കിന് കെട്ടിടം നിർമ്മാണം

95 (3736) ശ്രീ. പി. കെ. അബ്ദുറബ്ബ് :
ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിലെ കോട്ടയ്ക്കൽ വനിതാ പോളിടെക്നിക്കിന് കെട്ടിടം നിർമ്മിക്കാൻ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ ;

(ബി) ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

(സി) കെട്ടിട നിർമ്മാണം ഉടൻ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കോട്ടയ്ക്കൽ വനിതാ പോളിടെക്നിക്കിന് കെട്ടിടം നിർമ്മിക്കാൻ 2,75,00,000 (രണ്ട് കോടി എഴുത്തിയഞ്ച് ലക്ഷം) രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്.

(ബി & സി) കെട്ടിടം പണിയാനുള്ള ഭരണാനുമതിയും പ്രത്യേകാനുമതിയും നൽകുന്ന കാര്യം പരിശോധനയിലാണ്.

മണിമലക്കുന്ന് ഗവൺമെന്റ് കോളേജിനുവേണ്ടി നിർമ്മിക്കുന്ന കെട്ടിടം

96 (3737) ശ്രീ. ടി. എം. ജേക്കബ് : താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പിറവം നിയോജകമണ്ഡലത്തിലെ മണിമലക്കുന്ന് ഗവൺമെന്റ് കോളേജിനുവേണ്ടി നിർമ്മിക്കുന്ന കെട്ടിടം എന്നത്തേക്ക് പൂർത്തിയാകുമെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഈ കോളേജിന്റെ വികസനത്തിനായി എന്തെല്ലാം പദ്ധതികളാണ് സർക്കാർ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് ;

LIBRARY ARCHIVES Kerala Legislative Assembly

(സി) 2000-2001 അദ്ധ്യയന വർഷത്തിൽ പുതിയ ഏതെല്ലാം കോഴ്സുകൾ ഈ കോളേജിൽ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട് ?

ഉത്തരം

(എ) മണിമലക്കുന്ന് ഗവൺമെന്റ് കോളേജിനുവേണ്ടിയുള്ള മൂന്നു നില കെട്ടിടത്തിന്റെ വാർപ്പ് പൂർത്തിയായിട്ടുണ്ട്. ഈ പ്രവൃത്തി പൂർത്തിയാക്കേണ്ട കാലാവധി 31-8-2000 വരെ നീട്ടിക്കൊടുത്തിട്ടുള്ളതും ആവശ്യമായ ഫണ്ട് ലഭ്യമാക്കുന്ന മുറയ്ക്ക് പണി പൂർത്തിയാക്കുന്നതുമാണ്.

(ബി) പുതിയ പദ്ധതികളൊന്നും ഇല്ല.

(സി) 2000-2001-ൽ പുതിയ കോഴ്സുകൾക്കുള്ള അപേക്ഷ ലഭിക്കുമ്പോൾ അവ പരിശോധിച്ച് ഉചിതമായ നടപടി അപ്പോൾ സ്വീകരിക്കുന്നതാണ്.

നെടുമങ്ങാട് താലൂക്കിൽ സർക്കാർ ജീവനക്കാർക്കായി ക്വാർട്ടേഴ്സ് നിർമ്മിക്കുന്നതിനുള്ള എസ്റ്റിമേറ്റ്

97 (3738) ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) നെടുമങ്ങാട് താലൂക്കിലെ നെട്ട എന്ന സ്ഥലത്ത് സർക്കാർ ജീവനക്കാർക്കായി ക്വാർട്ടേഴ്സ് നിർമ്മിക്കുന്നതിനായുള്ള എസ്റ്റിമേറ്റ് ചീഫ് എൻജിനീയർ (ബിൽഡിംഗ്സ്) എന്നാണ് സർക്കാരിന് സമർപ്പിച്ചത് ;

(ബി) എന്തു തുകയ്ക്കാണ് എസ്റ്റിമേറ്റ് സമർപ്പിച്ചത് ?

(സി) ഇതിനുള്ള അനുമതി നൽകിയിട്ടുണ്ടോ ;

(ഡി) ക്വാർട്ടേഴ്സ് പണിയുന്നതിന് ഭരണാനുമതി നൽകി പണി തുടങ്ങുന്നതിന് സത്വര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 18-6-1999-ന്

(ബി) 50 ലക്ഷം രൂപയ്ക്കുള്ള റഫ് കോസ്റ്റ് എസ്റ്റിമേറ്റാണ് സമർപ്പിച്ചിട്ടുള്ളത്.

(സി&ഡി) ഇല്ല. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഭരണാനുമതി നൽകി പണി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

പൊതുമരാമത്ത് വകുപ്പിലെ ഡിപ്പാർട്ട്മെന്റ് കോഡ് കാലോചിതമായി പരിഷ്ക്കരിക്കാൻ നടപടി

98 (3739) ശ്രീ. സി. മൊയിൻകുട്ടി :
ശ്രീ. സി. ടി. അഹമ്മദ് അലി :
ശ്രീ. നാലകത്ത് സൂപ്പി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമരാമത്ത് വകുപ്പിലെ ഡിപ്പാർട്ട്മെന്റ് കോഡ് കാലോചിതമായി പരിഷ്ക്കരിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly